## ജില്ലാതല അദാലത്ത് സമിതി യോഗം – II

14/12/2023 ൽ ഓൺലൈൻ ആയി നടന്ന മീറ്റിംഗിൽ പരിഗണിച്ച പരാതികളും ആയതിൻമേൽ തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുന്ന ഉപദേശങ്ങളും ചുവടെ ചേർക്കുന്നു.

**പരാതി നം.1**

പരാതിക്കാരന്റെ പേര് – പ്രേം ഫ്രാങ്ക്ലിൻ, TC 32/894(6), GVRA 38, വെട്ടുകാട്, ബീച്ച് പി.ഒ, തിരുവനന്തപുരം.

പരാതി വിഷയം – കെട്ടിട നിർമ്മാണ റെഗുലറൈസേഷൻ ഫയലുകളുടെ അപ്രൂവൽ ചുമതല നഗരസഭ സെക്രട്ടറിക്ക് നൽകിയിരിക്കുന്നതിനാൽ അപേക്ഷകർക്ക് ഫയൽ തീർപ്പാക്കി കിട്ടുന്നതിൽ കൂടുതൽ ബുദ്ധിമുട്ട് നേരിടേണ്ടിവരുന്നതായുള്ള പരാതി സംബന്ധിച്ച്.

സൂചന – സിറ്റിസൺ അസിസ്റ്റൻസ് തിരുവനന്തപുരം ജില്ലാതല അദാലത്ത് സമിതി കൺവീനറുടെ ലോഗിനിൽ ലഭിച്ച BPTVPMC016700000 ഡോക്കറ്റ് നമ്പർ പരാതി.

**പരാതിയിൻമേൽ തിരുവനന്തപുരം ജില്ലാതല അദാലത്ത് സമിതി തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിക്ക് നൽകുന്ന ഉപദേശം**

കെട്ടിട നിർമ്മാണ റെഗുലറൈസേഷൻ ഫയലുകളുടെ അപ്രൂവൽ ചുമതല നഗരസഭ സെക്രട്ടറിക്ക് നൽകിയിരിക്കുന്നുവെന്നും ആയതിനാൽ അപേക്ഷകർക്ക് ഫയൽ തീർപ്പാക്കി കിട്ടുന്നതിൽ കൂടുതൽ ബുദ്ധിമുട്ട് നേരിടേണ്ടിവരുമെന്നും ടി നടപടി വിശദമായ വിശകലനം നടത്താതെ സ്വീകരിച്ചതാണെന്നും ആയത് പുനപരിശോധിക്കണമെന്നുമുള്ള ശ്രീ. പ്രേം ഫ്രാങ്ക്ലിന്റെ അപേക്ഷ അദാലത്തിൽ പരിഗണിച്ചു.

ഈ വിഷയം സംബന്ധിച്ച് കേരള മുനിസിപ്പാലിറ്റി ആക്ട്, കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് എന്നിവയിൽ നിഷ്കർഷിക്കുന്ന രീതിയിൽ ഇത്തരം ഫയലുകളുടെ operator, Reporting/Enquiry Officer, verifier, Approver എന്നീ ക്രമത്തിൽ file circulating/management system -ൽ നിശ്ചയിച്ചിട്ടുള്ളതെന്ന് ഉറപ്പാക്കണമെന്ന് കോർപ്പറേഷൻ സെക്രട്ടറിയോട് ഉപദേശിച്ച് തീരുമാനിച്ചു.

SHAJI CLEMENT
PEN-31...
JOINT DIRECTOR
LOCAL SELF GOVT. DEPARTMENT
CIVIL STATION
THIRUVANANTHAPURAM

JYOTHIS.V
ASSISTANT DIRECTOR
OFFICE OF THE JOINT DIRECTOR
LOCAL SELF GOVT. DEPARTMENT
THIRUVANANTHAPURAM